# പതിനൊന്നാം കേരള നിയമസഭ

നാലാം സമ്മേളനം

# ചോദ്യോത്തരങ്ങൾ - സംഗ്രഹം

2002 ജൂൺ 26, ബുധൻ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

56 (*198) നെല്ല് സംഭരണം

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ. ഗൗരിയമ്മ) നൽകിയ മറുപടിയിൽ, കൊയ്ത്തുകാലത്ത് നെല്ലിന്റെ വില ക്രമാതീതമായി കുറയുന്നത് തടയുന്നതിനും കർഷകർക്ക് നെല്ലിന് ന്യായമായ വില ഉറപ്പാക്കുന്നതിനും പൊതുവിപണിയിൽ അരിയുടെ വില നിയന്ത്രിക്കുന്നതിനുമായി ആലപ്പുഴ, പാലക്കാട്, തൃശൂർ, മലപ്പുറം, പത്തനംതിട്ട എന്നീ ജില്ലകളിൽ നെല്ല് സംഭരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 2001–2002 വർഷത്തിൽ പത്തനംതിട്ട ജില്ലയിൽനിന്നും 12100 ക്വിന്റലും ആലപ്പഴ ജില്ലയിൽനിന്നും 201292 ക്വിന്റലും തൃശൂർ ജില്ലയിൽനിന്നും 84473 ക്വിന്റലും കോട്ടയം ജില്ലയിൽനിന്നും 279823 ക്വിന്റലും പാലക്കാടു ജില്ലയിൽനിന്നും 42151 ക്വിന്റലും നെല്ല് സംഭരിച്ചിട്ടുണ്ട്. ഇതിനായി 303 ലക്ഷം രൂപ യും സ്പെഷ്യൽ പാക്കേജ് സ്കീമിൽനിന്നും 350 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. സൊസൈറ്റികൾ സംഭരിക്കുന്ന നെല്ല് ഉപഭോക്താവിന് വില്ക്കുന്ന നിരക്കിനെക്കാൾ കിലോയ്ക്ക് ഒരുപ കുറച്ച് സിവിൾ സപ്ളൈസ് കോർപ്പറേഷനും കൺസ്യൂമർ ഫെഡറേഷനും വാങ്ങണം. മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ മേൽപ്പറഞ്ഞഒരു രൂപയ്ക്കു പുറമെ കിലോയ്ക്ക് ഒരു രൂപ മാർക്കറ്റിംഗ് സബ്സിഡിയായി അനുവദിക്കണമെന്ന നിലയിൽ ഒരു ഓർഡർ ഇഷ്യൂ ചെയ്തിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയും കൂടുതൽ നെല്ല് സംഭരിക്കേണ്ടതിന്റെ ആവശ്യകതയും കണക്കിലെടുത്ത് അടുത്ത കൊയ്ത്തുകാലത്ത് കൂടുതൽ നെല്ല് സംഭരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. സംസ്ഥാനത്ത് നെല്ല് സംഭരിച്ച് സൂക്ഷിക്കുന്നതിന് ഇപ്പോൾ വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകളുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയാണ് നെല്ല് സംഭരണ ഏജൻസികളെ തെരഞ്ഞെടുക്കുന്നത്.

നെൽക്കൃഷിക്കാർക്ക് പ്രഖ്യാപിക്കുന്ന വിവിധ സബ്സിഡികൾ അർഹതപ്പെട്ടവർക്ക് ലഭിക്കത്തക്ക വിധത്തിൽ വിതരണം ചെയ്യുന്നതിനെക്കുറിച്ച് സർക്കാർ ആലോചിച്ചു വരികയാണെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി വ്യക്തമാക്കി.

57 (*199) <u>കേരകൃഷിക്കാരെ സഹായിക്കുവാൻ ആവിഷ്കരിച്ച പുതിയ പദ്ധതികൾ</u>

കൃഷിയും കയറും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളികേര കൃഷിക്കാരെ സഹായിക്കുവാനായി നിലവിലുള്ള പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനു പുറമെ സർക്കാർ പ്രഖ്യാപിച്ച സ്പെഷ്യൽ പാക്കേജിൽ നാളികേരത്തിനു താങ്ങുവില നൽകി സംഭരണം നടത്തുന്ന പദ്ധതിയുടെ പ്രയോജനം കർഷകർക്ക് നേരിട്ട് ലഭ്യമാക്കുന്നതിനു അവരെ സഹായിക്കുവാൻ തെരഞ്ഞെടുക്കപ്പെടുന്ന സർവീസ് സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിൽ 200 കൊപ്ര ഡ്രയറുകൾ സ്ഥാപിക്കുന്നതിനു സംഘങ്ങൾക്ക് 5 ലക്ഷം രൂപ വരെ നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു.. ഇതിനായി 11 കോടി രൂപ അനുവദിച്ചു. കൂടാതെ നാളികേര ടെക്നോളജി മിഷന്റെ 260 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കുവാനുള്ള അനുവാദം കേന്ദ്ര ഗവൺമെന്റിൽനിന്നും നേടുകയും ആ തുകയ്ക്കുള്ള പദ്ധതികൾ വിവിധ ഏജൻസികൾ വഴി കേന്ദ്രത്തിന്റെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനും പുറമേ മൈറ്റ് രോഗപ്രതിരോധത്തിനു 20 ലക്ഷം രൂപ ചെലവിൽ കൃഷി വകുപ്പും കേരള കാർഷിക സർവകലാശാലയും ചേർന്ന് അഞ്ചിടങ്ങളിൽ പരീക്ഷണം നടത്തി തെങ്ങിനു നടത്തേണ്ട ശുശ്രൂഷകളെ *സംബന്ധിച്ച്* ഒരു പാക്കേജ് ഓഫ് പ്രാക്ടീസ് സമർപ്പിച്ചിട്ടുണ്ട്.രോഗപ്രതിരോധമുള്ളതും രോഗമില്ലാത്തതുമായ തെങ്ങിൻ വിത്തുകൾ ഉല്പാദിപ്പിക്കാനും വേഗം മൾട്ടിപ്പിൾ ചെയ്യാനുംവേണ്ടി ഐ.സി.എആർ.ന്റെ മുൻചെയർമാനായ ഡോ. ചോപ്രയുടെ നേതൃത്വത്തിൽ രൂപീകരിച്ച കമ്മിറ്റിയുടെ പ്രാഥമിക റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്. ഇതു നടപ്പിലാക്കുന്നത് കാർഷിക സർവകലാശാല മുഖാന്തിരമായിരിക്കും. കഴിഞ്ഞകൊല്ലം ചെറുകിട കർഷകർക്ക് പമ്പു വാങ്ങുവാനും കിണർ കുഴിക്കുവാനും 3500 രൂപ വീതം ധനസഹായം അനുവദിച്ച ഇനത്തിൽ 35 ലക്ഷം രൂപ ചെലവായിട്ടുണ്ട്. കേരകൃഷിക്ക് രാസവളപ്രയോഗം പ്രോത്സാഹിപ്പിക്കുന്നതിനു തെങ്ങൊന്നിന് മിനികിറ്റ് നൽകിയ വകയിൽ ചെലവായ 13 രൂപയിൽ 10 രൂപ സബ്സിഡി അനുവദിച്ചു. രോഗലക്ഷണം കാണുന്ന തെങ്ങുകൾ തുടക്കത്തിൽത്തന്നെ മുറിച്ചു മാറ്റുന്നതിനു തെങ്ങൊന്നിന് 500 രൂപ നിരക്കിൽ 10 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്. ഗുണമേന്മയുള്ള തെങ്ങിൻതൈകളുടെ ഉല്പാദനത്തിനും വിതരണത്തിനുമായി 100 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കേരോല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനും മൂല്യവർദ്ധനവിനും സഹായകമാകുന്നതിനായി ഒരു ആർ ആന്റ് ഡി സെൻറർ കേരളത്തിൽ സ്ഥാപിക്കണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. നാളികേര വിലയിടിവ് തടയുന്നതിന് പാമോയിലിന് ഏർപ്പെടുത്തിയിട്ടുള്ള ഡബ്ള്യൂ.ടി.ഒ. നിർബന്ധിത ഇറക്കുമതി താരിഫ് നിരക്ക് കുറഞ്ഞത് 150

ശതമാനമായി ഉയർത്തണമെന്നും പാമോയിലിന്റെ ഇറക്കുമതി നിയന്ത്രിക്കുന്നതിനു അതിനെ ഇറക്കുമതിക്കുള്ള കാനലൈസ്ഡ് പട്ടികയിൽ ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച ചർച്ചകളിൽ അനുകൂല സമീപനം ഉണ്ടായിട്ടുണ്ടെങ്കിലും രേഖാമൂലമുള്ള മറുപടി ലഭിച്ചിട്ടില്ല. ഇത് കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് അംഗീകരിപ്പിക്കാൻ ഗവൺമെന്റ് ശ്രമിക്കുകയാണ്. നാളികേരം ഉപയോഗിച്ചുള്ള ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനായി 1000 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന് അയച്ചിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി വ്യക്തമാക്കി.

## രേഖാമൂലം നല്കിയ ഉത്തരങ്ങൾ

58 (* 206) <u>മണ്ണു സംരക്ഷണ പദ്ധതികൾ</u>

കൃഷിയും കയറും വകുപ്പു മന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് മണ്ണു സംരക്ഷണത്തിനായി നീർമറി പ്രദേശത്തിന്റെ അടിസ്ഥാനത്തിൽ മണ്ണു ജല സംരക്ഷണം (നബാർഡിൽനിന്നുള്ള ആർ.ഐ.ഡി.എഫ്. സഹായത്തോടെ), ഉരുൾപൊട്ടലും മണ്ണിടിച്ചിലുമുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ (സ്റ്റെബിലൈസേഷൻ ഓഫ് ലാന്റ് സ്ലൈഡ് ഏരിയാസ്), ജലവിതരണ പദ്ധതികളുടെ റിസർവോയറുകളുമായി ബന്ധപ്പെട്ട പ്രദേശങ്ങളുടെ സംരക്ഷണം എന്നീ സംസ്ഥാന പദ്ധതികളും കബനി പ്രോജക്ടിലെ ജലസംഭരണപ്രദേശങ്ങളിലെ മണ്ണുസംരക്ഷണം, ദേശീയ നീർമറി വികസന പദ്ധതി എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളും നടപ്പിലാക്കുന്നുണ്ടെന്നറിയിച്ചു.

59 (*208) <u>പെട്രോളിയം ഉല്പന്നങ്ങളിൽനിന്ന് ലഭിക്കുന്ന വില്പന നികുതി</u>

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി നല്കിയ ഉത്തരത്തിൽ, 2001–2002 സാമ്പത്തികവർഷം പെട്രോളിയം ഉൽപ്പന്നങ്ങളിൽനിന്നും 1261.97 കോടി രൂപ വില്പനനികുതിയിനത്തിൽ ലഭിച്ചിട്ടുണ്ടെന്നറിയിച്ചു.

60 ( *217) <u>കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനുള്ള നടപടി</u>

വനവും സ്പോർട്സും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് തിരുവനന്തപുരം(വേളി), കൊല്ലം (ആയിരംതെങ്ങ്, നീണ്ടകര), കോട്ടയം(കുമരകം), ആലപ്പുഴ (പാതിരാമണൽ), എറണാകുളം ( മംഗളവനം, പുതുവൈപ്പിൻ), കോഴിക്കോട് (കല്ലായി, ബേപ്പൂർ), കണ്ണൂർ (ഏഴിമല, പഴയങ്ങാടി), കാസർകോട് ( ചിറ്റാരി, ഷിറിയ) എന്നീ ജില്ലകളിലാണ് കണ്ടൽ കാടുകൾ പ്രധാനമായിട്ടുള്ളതെന്നറിയിച്ചു. മാനേജ്മെന്റ് ഓഫ് ഫ്രജയിൽ എക്കോ സിസ്റ്റം, കേരളാ ഫോറസ്ട്രി പ്രോജക്ടിലെ സ്പെഷ്യൽ ഹാബിറ്റാറ്റ്

മാനേജ്മെന്റ് പ്രോഗ്രാം, പങ്കാളിത്ത പരിപാലനം എന്നീ പദ്ധതികളിൽപ്പെടുത്തി കണ്ടൽച്ചെടികൾ വച്ചുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

61 ( *224) ചിട്ടി ഭേദഗതി നിയമം

ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി നൽകിയ ഉത്തരത്തിൽ, 2002–ലെ കേരള ധനകാര്യ ബിൽ പ്രകാരം 1975–ലെ ചിട്ടി ആക്ടിന്റെ 3–ാം വകുപ്പിൽ 5–ാം ഉപവകുപ്പിന്റെ ( ബി ) ഖണ്ഡം വിട്ടുകളയുകയും 6–ാം ഉപവകുപ്പിനുശേഷം 7–ാം ഉപവകുപ്പുകൂടി ചേർക്കുകയും 4–ാം വകുപ്പിൽ 1–ാം ഉപവകുപ്പിനുശേഷം 1 (എ) ഉപവകുപ്പുകൂടി ചേർക്കുകയും ചെയ്ത് ഭേദഗതി വരുത്തിയിട്ടുണ്ടെന്ന് അറിയിച്ചു.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

78 (1087) വിദേശ നിക്ഷേപം

കേരളത്തിലെ വാണിജ്യ ബാങ്കുകളിൽ സേവിംഗ്സ് ബാങ്ക്, കാലാവധി നിക്ഷേപം എന്നീ വിഭാഗങ്ങളിലായി 23475 കോടി രൂപയുടെ (31–12–2001–ലെ കണക്കുപ്രകാരം) വിദേശ ഇൻഡ്യാക്കാരുടെ നിക്ഷേപം (എൻ.ആർ.ഇ. നിക്ഷേപം) ഉണ്ട്.

79 (1109) വില്പനനികുതി പിരിവ്

2001–2002 സാമ്പത്തിക വർഷത്തിൽ 5568.41 കോടി രൂപ വില്പനനികുതിയിനത്തിൽ പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടിരുന്നതിൽ 85 കോടി രൂപ (80 ശതമാനം) കൂടുതലായി പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

80 (1124, 1125) സംസ്ഥാനത്ത് പെൻഷൻ മണി ഓർഡറായി അയയ്ക്കുന്നതിനുള്ള പരിധി

സർക്കാർ ചെലവിൽ പെൻഷൻ മണി ഓർഡറായി വിതരണം ചെയ്യുന്നത് മിനിമം പെൻഷൻ (1275 രൂപ) വാങ്ങുന്നവർക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്. 75 വയസ്സു കഴിഞ്ഞവർക്കും അംഗവൈകല്യമുള്ളവർക്കും അസുഖമായി കിടപ്പിലായവർക്കും സർക്കാർ ചെലവിൽ മണി ഓർഡറായി പെൻഷൻ അയയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2000–2001

വർഷത്തിൽ പെൻഷൻ മണി ഓർഡറായി അയയ്ക്കുന്നതിന് സർക്കാരിന് 12,87,73,833 രൂപ ബാദ്ധ്യത വന്നിട്ടുണ്ട്.

81 (1135) ലൈസൻസ് ഉള്ള കള്ളുഷാപ്പുകൾ

സംസ്ഥാനത്താകെയുള്ള 4000 കള്ളുഷാപ്പുകളിൽ 3191 എണ്ണത്തിന് ഇതുവരെ ലൈസൻസ് നൽകിയിട്ടുണ്ട്.

82 (1136) കള്ളുഷാപ്പുകളിൽ നിന്നുള്ള കിസ്ത്

2001–2002–ൽ കള്ളുഷാപ്പു കിസ്ത് ഇനത്തിൽ 23,57,68,420 രൂപ ലഭിച്ചിട്ടുണ്ട്.

83 (1137) കള്ളുഷാപ്പുകൾ വ്യക്തികൾക്ക് നൽകിയതുവഴിയുള്ള വരുമാനം

പുതിയ മദ്യ നയമനുസരിച്ച് കള്ളുഷാപ്പുകൾ വ്യക്തികൾക്ക് വിറ്റ ഇനത്തിൽ സർക്കാരിന് 19,47,48,038 രൂപ ലഭിച്ചിട്ടുണ്ട്.

84 (1140) ബിവറേജസ് കോർപ്പറേഷന്റെ വിറ്റുവരവ്

ബിവറേജസ് കോർപ്പറേഷന്റെ 2001–2002–ലെ വിറ്റുവരവ് 1694.82 കോടി രൂപയാണ്.

85 (1142) ബിവറേജസ് കോർപ്പറേഷൻ ആരംഭിച്ച വിദേശ മദ്യഷാപ്പുകൾ

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബിവറേജസ് കോർപ്പറേഷൻ 54 വിദേശ മദ്യ ചില്ലറ വിൽപ്പന ശാലകൾ ആരംഭിക്കുകയും കേരള സ്റ്റേറ്റ് കൺസ്യൂമർ ഫെഡറേഷൻ നടത്തിയിരുന്ന 5 വിദേശ മദ്യ ചില്ലറ വിൽപനശാലകൾ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.

86 (1147) എക്സൈസ് സേന

സംസ്ഥാനത്തെ എക്സൈസ് സേനയിൽ 4347 അംഗങ്ങളുണ്ട്.

87 (1151) അന്ത്യോദയ അന്നപൂർണ്ണ പദ്ധതി

സംസ്ഥാനത്ത് അന്നപൂർണ്ണ പദ്ധതി പ്രകാരം 38,946 പേർക്കും അന്ത്യോദയ അന്നയോജന പദ്ധതിപ്രകാരം 259,.060 കാർഡുടമകൾക്കും പ്രയോജനം ലഭിക്കുന്നുണ്ട്.

88 (1160) ''ലാഭം'' സപ്ലൈകോ മാർക്കറ്റുകൾ

സിവിൽ സപ്ലൈസ് കോർപ്പറേഷൻ ആരംഭിച്ചിട്ടുള്ള 13 ''ലാഭം'' സപ്ലൈകോ മാർക്കറ്റുകളിൽ 10 മുതൽ 20 ശതമാനം വരെ വില കുറച്ച് സാധനങ്ങൾ വിതരണം ചെയ്യുന്നു.

89 (1208) നിബിഡ വനങ്ങളുടെ വിസ്തൃതി

സംസ്ഥാനത്തെ നിബിഡവനങ്ങളുടെ വിസ്തൃതി 6070 ച:കി.മീറ്ററാണ്.

90 (1211) പാട്ടത്തിനു നൽകിയ വനഭൂമി

സംസ്ഥാനത്ത് 61751.1018 ഹെക്ടർ വനഭൂമി പാട്ടത്തിനു നൽകിയിട്ടുണ്ട്.

91 (1212) കയ്യേറിയ വനഭൂമി

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1160 ഹെക്ടർ വനഭൂമി കയ്യേറിയതിന്റെ ഫലമായി 208,750 രൂപയുടെ വന വിഭവങ്ങൾ നശിച്ചിട്ടുണ്ട്. വനം കയ്യേറ്റം തടയുന്നതിനും വനസംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

92 (1218) ചന്ദന കള്ളക്കടത്ത്

ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ചന്ദന കള്ളക്കടത്തുമായി ബന്ധപ്പെട്ട് 424 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

.....................